കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല-ഞാറക്കൽ ഗ്രാമ പഞ്ചായത്ത് - പെരുമ്പിള്ളി ക്രിസ്തുജയന്തി ആശുപത്രി കെട്ടിടങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് പ്രസ്തുത കെട്ടിടങ്ങളുടെ ഇടയിലുള്ള വഴിയ്ക്ക് മുകളിൽ നിർമ്മാണം നടത്തുന്നതിന് അനുമതി നല്കിക്കൊണ്ടുള്ള നിയമാനുസൃതമല്ലാത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 2050/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 3-8-2013

---

**പരാമർശം :-**

1. ഞാറക്കൽ ഗ്രാമ പഞ്ചായത്തിന്റെ 12/7/2013 ലെ II(4) നമ്പർ തീരുമാനം
2. ഞാറക്കൽ ഗ്രാമ പഞ്ചായത്തിന്റെ 24/7/2013 ലെ അടിയന്തിരയോഗത്തിലെ ഒന്നാം നമ്പർ തീരുമാനം
3. ഞാറക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26/7/2013 ലെ എ6 -5931/13 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഞാറക്കൽ ഗ്രാമ പഞ്ചായത്തിലെ പെരുമ്പിള്ളി ക്രിസ്തുജയന്തി ആശുപത്രി കെട്ടിടങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് പ്രസ്തുത കെട്ടിടങ്ങളുടെ ഇടയിലുള്ള വഴിക്ക് മുകളിൽ നിർമ്മാണം നടത്തുന്നതിന് അനുമതി നല്കിക്കൊണ്ട് ഞാറക്കൽ ഗ്രാമ പഞ്ചായത്ത് എടുത്ത പരാമർശം (1),(2) പ്രകാരമുള്ള നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് സഹിതം, പരാമർശം (3) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 169(1) വകുപ്പ് പ്രകാരം സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി പ്രത്യേകമായി തരം തിരിച്ചിട്ടില്ലാത്ത എല്ലാ പൊതുവഴികളും അവ സ്ഥിതിചെയ്യുന്ന ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. സർക്കാർ ഭൂമിയായ അവ സംരക്ഷണാർത്ഥമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളത്. നിക്ഷിപ്തമായിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് അവയുടെ ഉടമസ്ഥത അവകാശപ്പെടാനാവില്ല. പ്രസ്തുത വഴി പുറമ്പോക്ക് പതിച്ചുനല്കണമെന്ന ആശുപത്രിയുടെ ആവശ്യം സർക്കാർ

മുൻപ് നിരാകരിച്ചിട്ടുള്ളതും തദ്ദേശവാസികളുടെ എതിർപ്പ് നിലനിൽക്കുന്നതുമാണ്.

ഈ സാഹചര്യത്തിൽ, പരാമർശം(1),(2) പ്രകാരമുള്ള ഞാറക്കൽ ഗ്രാമ പഞ്ചായത്തിന്റെ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191(2) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള
ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം ,തിരുവനന്തപുരം
(51001/ആർസി4/2013/തസ്വഭവ നമ്പർ ഫയൽ സഹിതം)
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ)
കേരള, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം
പ്രസിഡന്റ്/സെക്രട്ടറി , ഞാറക്കൽ ഗ്രാമ പഞ്ചായത്ത്, ഞാറക്കൽ
എറണാകുളം 682505
ജില്ലാ കളക്ടർ, എറണാകുളം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.